നം:വൈ-1/14117/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 14.03.2018

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തുന്ന സർഗ്ഗോത്സവം പരിപാടിയിലെ വിജയികൾക്ക് 2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാർ ഉത്തരവ് (സാധാ) നമ്പർ : 313/2016/പൊ.വി.വ. തീയതി 20/05/2016

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീ മെട്രിക് ഹോസ്റ്റലുകളിലുമുള്ള മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് നടത്തുന്ന പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ കലോത്സവമായ സർഗ്ഗോത്സവം പരിപാടിയിൽ മുൻ നിരയിൽ എത്തുന്ന കുട്ടികൾക്ക് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രേസ്മാർക്ക് നൽകുന്നതാണ്.

1. സീനിയർ വിഭാഗം (8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സു വരെ) മത്സരവിജയികൾക്കു മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
2. ഏറ്റവും ഉയർന്ന ഒരു ഗ്രേഡ് മാത്രമേ ഗ്രേസ്മാർക്കിന് പരിഗണിക്കുകയുള്ളൂ.
3. സർഗ്ഗോത്സവത്തിൽ 'എ' 'ബി' ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
4. എ ഗ്രേഡിന് 12 മാർക്കും ബി ഗ്രേഡിന് 10 മാർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

To system SA
sd
14/3/18

കെ.വി.മോഹൻകുമാർ ഐ.എ.എസ്.
പൊതു വിദ്യാഭ്യാസ ഡയറക്ടർ

uploaded
14/3/18

പകർപ്പ് :
1) ഡയറക്ടർ, പട്ടികവർഗ്ഗ വികസനവകുപ്പ്, നാലാംനില, വികാസ്ഭവൻ, തിരുവനന്തപുരം-695 033.
2. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012.
3) എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രസ്തുത സർക്കുലറിന്റെ ഒരു പകർപ്പ് അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും അറിവിലേയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്).
4) ആഫീസ് കോപ്പി & കരുതൽ ഫയൽ.